"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവൻരക്ഷാ ക്ലെയിം - പൊതുഭരണവകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി ജോലി ചെയ്തുവരവെ 04/12/2023-ന് മരണമടഞ്ഞ ശ്രീകൃഷ്ണൻ കെ-യുടെ ജീവൻരക്ഷാ ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2487/2026/ധന** **തീയതി, തിരുവനന്തപുരം, 10/03/2026**

പരാമർശം :-
1. 23/11/2010-ലെ സ.ഉ(പി)നം. 616/2010/ധന.
2. 21/11/2022-ലെ സ.ഉ(പി)നം. 140/2022/ധന
3. 22/02/2023-ലെ സ.ഉ (അച്ചടി) നം. 17/2023/ധന
4. ശ്രീമതി.ഗിരിജ ശ്രീകൃഷ്ണൻ ധനകാര്യവകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ.
5. ഇൻഷ്വറൻസ് ഡയറക്ടറുടെ 23/10/2025 തീയതിയിലെ ഇൻഷ്വ/ ജീവൻരക്ഷ /എം.4/ഇ.765044 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണവകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി ജോലി ചെയ്തുവരവെ Type 2 Muscular Dystrophy എന്ന രോഗബാധിതനായി 04/12/2023-ന് മരണമടഞ്ഞ ശ്രീകൃഷ്ണൻ.കെ-യുടെ ജീവൻ രക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ ഭാര്യയായ ശ്രീമതി.ഗിരിജ ശ്രീകൃഷ്ണൻ ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീകൃഷ്ണൻ കെ-യുടെ ജീവൻരക്ഷാ ക്ലെയിം പരിശോധിച്ചതിൽ നിന്നും ടിയാൾ ജി.പി.എ.ഐ.എസ് പ്രീമിയം ഇനത്തിൽ സൂചന (2) പ്രകാരം 500/- രൂപ ഒടുക്കിയിരുന്നെങ്കിലും അപകടം മൂലമല്ലാതെയുള്ള സ്വാഭാവിക മരണത്തിന് കൂടി പരിരക്ഷാ നൽകിക്കൊണ്ട് സൂചന (3) പ്രകാരം പരിഷ്കരിച്ച ജീവൻരക്ഷ പദ്ധതി പ്രകാരം ഒടുക്കേണ്ടിയിരുന്ന അധിക പ്രീമിയം തുകയായ 375/- രൂപ അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ക്ലെയിം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ നിരസിച്ചിരുന്നു.

ടി സാഹചര്യത്തിൽ, ശ്രീമതി.ഗിരിജ ശ്രീകൃഷ്ണൻ പരാമർശം (4) പ്രകാരം അപ്പീൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12(ഡി) പ്രകാരം അപേക്ഷകയെയും ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട ശ്രീകൃഷ്ണൻ.കെ 2023 വർഷത്തേയ്ക്കുള്ള പ്രീമിയം തുകയിൽ 375/- രൂപ അധികം ഒടുക്കി ജീവൻരക്ഷാ പദ്ധതിയുടെ അംഗത്വം സ്വീകരിച്ചിട്ടില്ലെങ്കിലും, ടിയാൾക്ക് GIS, SLI പദ്ധതികളിൽ അംഗത്വമുള്ളതും ടിയാൾ 2023 വർഷത്തേക്കുള്ള ജി.പി.എ.ഐ.എസ് പദ്ധതി പ്രകാരമുള്ള പ്രീമിയം തുകയായ 500/- രൂപ യഥാസമയം ഒടുക്കിയിട്ടുള്ളതിനാലും, ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും മരണത്തിനു മുൻപുള്ള ടിയാളുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ജീവൻരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശം (3) ഉത്തരവ് പ്രകാരമുള്ള സ്വാഭാവിക മരണത്തിന് അനുവദിക്കാവുന്ന ക്ലെയിം തുകയായ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) മരണപ്പെട്ട ശ്രീകൃഷ്ണൻ. കെ-യുടെ അവകാശികൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം
ശ്രീമതി. ഗിരിജ ശ്രീകൃഷ്ണൻ, W/o Late ശ്രീകൃഷ്ണൻ.കെ, SNRRA-16, ശ്രീനിവാസ നിലയം, ശ്രീനാരായണ റോഡ്, എടപ്പള്ളി പി.ഒ, എറണാകുളം – 682024
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 3295288/എസ്റ്റാ -ഡി3/48/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ